# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4167** **28-06-2024 - ൽ മറുപടിയ്ക്ക്**

## ഭൂരഹിത ഭവനരഹിത പദ്ധതി

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ</th><th colspan="2">ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>ലൈഫ് പദ്ധതിയിലെ ഭൂരഹിത ഭവന രഹിത പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളുടെ എണ്ണം വൈപ്പിൻ മണ്ഡലത്തിൽ എത്രയെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ലൈഫ് പദ്ധതി ആരംഭിച്ചത് മുതലുള്ള വിവരങ്ങൾ വ്യക്തമാക്കാമോ;</td><td>(എ)</td><td>ഗുണഭോക്താക്കളുടെ എണ്ണം തദ്ദേശസ്വയംഭരണസ്ഥാപനാടി സ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.
<table>
<tr><td>പഞ്ചായത്തുകളുടെ പേര്</td><td>ഗുണഭോക്താക്കളുടടെ എണ്ണം</td></tr>
<tr><td>എടവനക്കാട്</td><td>337</td></tr>
<tr><td>എളംകുന്നപ്പുഴ</td><td>645</td></tr>
<tr><td>മുളവുകാട്</td><td>225</td></tr>
<tr><td>നായരമ്പലം</td><td>267</td></tr>
<tr><td>ഞാറയ്ക്കൽ</td><td>286</td></tr>
<tr><td>പള്ളിപ്പുറം</td><td>270</td></tr>
<tr><td>കടമക്കുടി</td><td>102</td></tr>
<tr><td>കുഴുപ്പിള്ളി</td><td>104</td></tr>
<tr><td>ആകെ</td><td>2236</td></tr>
</table></td></tr>
<tr><td>(ബി)</td><td>പ്രസ്തുത പദ്ധതി പ്രകാരം ഭവനം ലഭിച്ചവർ, എഗ്രിമെന്റ് വെച്ചവർ, ഭവനം ലഭ്യമാകേണ്ടവർ, സ്ഥലം വാങ്ങാൻ തുക സ്വരൂപിക്കാൻ സാധിക്കാത്തതിനാൽ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കാത്തവർ എന്നിവരുടെ കണക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ;</td><td>(ബി)</td><td>അനുബന്ധമായി ചേർക്കുന്നു.</td></tr>
<tr><td>(സി)</td><td>ഈ പദ്ധതി പ്രകാരം ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും സ്ഥലം വാങ്ങാൻ തുക സ്വരൂപിക്കാൻ സാധിക്കാത്ത ഗുണഭോക്താക്കളുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഇവർക്ക് വീട് ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി എന്തെല്ലാം; മറ്റു സ്ഥലങ്ങളിൽ പൂർത്തിയായിക്കൊണ്ടിരിക്കുന്നതും പൂർത്തിയായിട്ടുള്ളതുമായ ഫ്ലാറ്റുകളിൽ</td><td>(സി)</td><td>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/ വകുപ്പുകൾ മുഖേന ഭൂമി ലഭ്യമാക്കിയും ഇത്തരത്തിൽ ഭൂമി ലഭ്യമാകുന്നവർക്ക് ഭവന നിർമ്മാണത്തിന് ധനസ ഹായം നൽകുകയും, മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിനിലൂടെ ലഭ്യമാകുന്ന ഭൂമി ഗുണഭോക്താക്കൾക്ക് നൽകു കയും ചെയ്യുന്നു. ചിറ്റിലപ്പിള്ളി - ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് ഭൂമി ലഭ്യമാക്കുകയും അവർക്ക് ലൈഫ് ഭവന പദ്ധതിയിലൂടെ ഭവന നിർമ്മാണ ധനസഹായം അനുവദിക്കുകയും ചെയ്യുന്നു. ലൈഫ് മിഷൻ നിർമ്മിക്കുന്ന ഫ്ലാറ്റുകളിൽ ഭൂരഹിതർക്ക് അപ്പാർട്ടിമെന്റ്</td></tr>
</table>

| | | | |
|---|---|---|---|
| | ഇവർക്ക് വീട് ലഭ്യമാക്കുവാൻ സാധിക്കുമോ; വിശദമാക്കാമോ? | | അനുവദിച്ച് നൽകിയും ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നു.<br><br>തിരുവനന്തപുരം ജില്ലയിൽ പൂവച്ചൽ ഗ്രാമ പഞ്ചായത്തിൽ 112 ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി ശ്രീ സുകുമാരൻ വൈദ്യൻ സൗജന്യമായി നൽകിയ ഭൂമിയിൽ ലൈഫ് ഭവന സമുച്ചയം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി സ.ഉ.(കൈ) നം. 14/2024/തസ്വഭവ . തീയതി 25-01-2024 പ്രകാരം ഉത്തരവായിട്ടുണ്ട്.<br><br>ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 100 ഭവനരഹിതർക്ക് ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് -318എ യുടെ ആഭിമുഖ്യത്തിൽ വീട് വച്ച് നൽകുന്നതിന് സ.ഉ.(സാധാ) നം. 456/2024/തസ്വഭവ. തീയതി 26.02.2024 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| നം | പഞ്ചായത്തിന്റെ പേര് | ഭവനം ലഭിച്ചവർ | എഗ്രിമെന്റ് വെച്ചവർ | ഭൂമി ലഭിച്ചവരിൽ ഭവനം ലഭ്യമാകേവർ | സ്ഥലം വാങ്ങാൻ തുക സ്വരൂപിക്കാൻ സാധിക്കാത്തതിനാൽ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കാത്തവർ |
|---|---|---|---|---|---|
| 1 | എടവനക്കാട് | 16 | 16 | 0 | 321 |
| 2 | എളംകുന്നപ്പുഴ | 30 | 32 | 2 | 613 |
| 3 | മുളവുകാട് | 12 | 12 | 0 | 213 |
| 4 | നായരമ്പലം | 31 | 31 | 0 | 236 |
| 5 | ഞാറയ്ക്കൽ | 15 | 15 | 0 | 271 |
| 6 | പള്ളിപ്പുറം | 6 | 6 | 0 | 264 |
| 7 | കടമക്കുടി | 4 | 4 | 0 | 98 |
| 8 | കുഴുപ്പിള്ളി | 7 | 7 | 0 | 97 |
| | ആകെ | 121 | 123 | 2 | 2113 |